# കേരളീയം വായനക്കാർക്ക് ഒരു ചന്ദ്രകലണ്ടർ

## സൂര്യചന്ദ്രന്മാരെ നിരീക്ഷിച്ച് ജീവിതത്തിന്റെ അടിസ്ഥാന ആരോഗ്യത്തെ നമുക്ക് വീണ്ടെടുക്കാം.

എല്ലാ കേരളീയം വരിക്കാർക്കും കേരളീയത്തിന്റെ ഒമ്പതാം പിറന്നാൾ വർഷത്തിൽ ഒരപൂർവ്വ സമ്മാനം. ഒരു ചന്ദ്രകലണ്ടർ. 2008 ലെ ജീവിതത്തിലെ ഉയർച്ചകളും താഴ്ചകളും ആരോഗ്യസ്ഥിതിയും മാനസികാവസ്ഥയും കൃഷിയും സാമൂഹ്യാവസ്ഥയും നിരീക്ഷിക്കാൻ, മെച്ചപ്പെടുത്താൻ സഹായകരമായ ഒരു കലണ്ടർ. ഒരോരുത്തർക്കും പങ്കുചേരാൻ ഒരവസരം. പ്രതികരണങ്ങൾ പ്രതീക്ഷിക്കുന്നു.

കോഴിക്കോട്ടെ ഒരു പോലീസ് സ്റ്റേഷനിലെ ഹെഡ്കോൺസ്റ്റബിൾ പറയുകയാണ്. വെളുത്ത വാവിന് പോലീസ് സ്റ്റേഷനുള്ളിൽ കൂടുതൽ പ്രശ്നക്കാരെത്തുന്നു. അടിപ്പിടി, മോഷണം, കൊലപാതകം.... വീട്ടിലും സ്വസ്ഥതയില്ല. അമ്മയ്ക്ക് അസുഖം കൂടും. ചുഴലിദീനം.

മലപ്പുറത്തെ ഒരു സ്കൂൾ അദ്ധ്യാപകൻ. വാവിനോടനുബന്ധിച്ച് കുട്ടികളിൽ കണ്ടുവരുന്ന വികൃതിയും പഠനവൈകല്യങ്ങളും ക്രമാതീതമായി ഉയരുന്നത് എന്തുകൊണ്ടാവാം?

കോട്ടയത്ത് ഒരു റബ്ബർ വെട്ടുകാരൻ. ചെറുപ്പക്കാരനാണ്. പക്ഷേ, കണ്ണിന് കേട്. അതിരാവിലെ വെട്ടിയാലേ പാൽ കൂടുതൽ കിട്ടൂ. സൂര്യനുദിച്ചാൽ പാലൊഴുക്ക് കുറയും. അഞ്ച് രൂപ ദിവസക്കൂലി കൂടുതൽ കിട്ടാൻ വെട്ടുക്കാരൻ നഷ്ടപ്പെടുത്തുന്നത് പ്രിയപ്പെട്ട കണ്ണാണ്. വെളിച്ചക്രമീകരണം തിരിച്ചറിഞ്ഞാൽ ഇതൊഴിവാക്കാം.


തമിഴ്നാട്ടിലെ ഒരു കർഷകൻ. ജൈവകൃഷി തന്നെയാണെങ്കിലും ബയോ ഡൈനാമിക് രീതിയിൽ നിലാവും ചന്ദ്രനെയും നോക്കി ക്രമീകരിച്ചിരുന്നതിനാൽ പണ്ടത്തേതിനേക്കാൾ ഉല്പാദനവർദ്ധനവ്, കേടുകുറവ്.

മുകളിൽ സൂചിപ്പിച്ചത് ചന്ദ്രകലണ്ടറിനെ ആസ്പദമാക്കി ചില പൊതുനിരീക്ഷണങ്ങളാണ്. ഇതത്ര പുതിയതല്ല. ആദിവാസികൾ പണ്ടേ ശീലിച്ചിരുന്ന, ജീവിതത്തെ വിവേകത്തോടെ തിരിച്ചറിഞ്ഞ അടിസ്ഥാന കാര്യങ്ങൾ ശാസ്ത്രീയമായി തന്നെ പുനരവതരിപ്പിക്കാൻ, ആവുന്നത്ര വീണ്ടെടുക്കാൻ ശ്രമമാണ് തിരുവനന്തപുരത്തെ കല്ലാറിലുള്ള 'ബോഡിട്രീ' ഫൗണ്ടേഷൻ ശ്രമിക്കുന്നത്. അവിടം പത്തോളം ആദിവാസി കുട്ടികൾക്ക് സൗരചന്ദ്രകാലചക്രത്തേയും ശരീര സംബന്ധമായ അറിവുകളേയും സംയോജിപ്പിച്ചുള്ള ആരോഗ്യപഠനം, നാഡീശാസ്ത്രം, മർമ്മകല, പ്രാഥമിക ആരോഗ്യ സംരക്ഷണം തുടങ്ങിയവ ഗുരുകുല വിദ്യാഭ്യാസരീതിയിൽ പഠിക്കാനവസരമുണ്ട്. ഡോക്ടർ വിജയനും സുഹൃത്തുക്കളും ചേർന്ന് നടത്തുന്ന ഈ ട്രസ്റ്റിൽ വടക്ക്-കിഴക്കൻ സംസ്ഥാനങ്ങളിലെ ആദിവാസികളും (ചക്മ) വയനാട്ടിലെയും തിരുവനന്തപുരത്തെയും വിവിധ ആദിവാസികളും മറ്റുമായി അഞ്ച് വിഭാഗങ്ങൾ ഇപ്പോൾ പഠിക്കുന്നുണ്ട്.

വാസ്തവത്തിൽ ആയുർവ്വേദം ഇന്ന് നമ്മൾ അനുഭവിക്കുന്നത് ആദിവാസി ആയുർവ്വേദത്തിന്റെ തുടർച്ചയാണ്. ഇപ്പോളത് ആയുർവ്വേദമല്ല, ആര്യൻ ആയുർവ്വേദമാണ്. സത്യത്തിൽ 700 ഔഷധികൾ കൊണ്ട് ചികിത്സിക്കുമ്പോൾ ഏകദേശം 5000 ചെടികളാണ് ആദിവാസി വൈദ്യത്തിന്റെ സമ്പത്ത്.

കറുത്തവാവിനേയും വെളുത്ത വാവിനേയും അടിസ്ഥാനമാക്കി ശാരീരിക-മാനസിക നിലകളും രോഗങ്ങളും ആർത്തവ തകരാറുകളും നിരീക്ഷിക്കാം. സൂര്യചന്ദ്രന്മാരെ നിരീക്ഷിച്ച് ജീവിതത്തിന്റെ അടിസ്ഥാന ആരോഗ്യത്തെ വീണ്ടെടുക്കാം. ഗുരുത്വാകർഷണവലയം കാന്തശക്തിപ്പോലെ വലിക്കുന്നത്, കാലിന് കീഴെ തലയ്ക്ക് മുകളിൽ. ഇത് വെറും അനുഭവമല്ല, അന്ധവിശ്വാസവുമല്ല. രോഗചികിത്സയിൽ മാത്രമല്ല, മണ്ണിന്റെയും വിളവിന്റെയും കാര്യത്തിലും ശാരീരിക മാനസിക ആരോഗ്യത്തിന്റെ ഊർജ്ജസ്വലതയ്ക്കും സുസ്ഥിതിയ്ക്കുവേണ്ടി ഈ വിപുലമായ നിരീക്ഷണ പഠനത്തിലേക്ക് താങ്കളെ ബോഡിട്രീ സ്നേഹപൂർവ്വം ക്ഷണിയ്ക്കുന്നു.

*ബോഡിട്രീ, 27 കല്ലാർ, വിതുര, തിരുവനന്തപുരം-695 551. www.bodytree.org*




# ചന്ദ്രകലണ്ടർ വിശേഷങ്ങൾ


**ചന്ദ്രന്റെ ഉദയാസ്തമയങ്ങൾ**

ഭൂമിയോടുള്ള ബന്ധത്തിൽ സൂര്യനു നേരെ വിപരീത ദിശയിലാണ് പൂർണ്ണ ചന്ദ്രൻ. സൂര്യൻ ഭൂമിയുടെ ചക്രവാളത്തിനു താഴെ അസ്തമിക്കുമ്പോൾ ചന്ദ്രൻ മേലേ മാനത്ത് ഉദിച്ചുയരുന്നു. ചന്ദ്രൻ ഭൂമിയുടെ ചുറ്റുമുള്ള അതിന്റെ ഭ്രമണപഥത്തിൽ സൂര്യനോട് ഏറ്റവും അടുത്തുവരുന്ന ഘട്ടമായ അമാവാസി ദിവസം ചന്ദ്രോദയം ഏകദേശം സൂര്യോദയസമയത്തായിരിക്കും; അസ്തമയം സൂര്യസ്തമയത്തിലും. ചന്ദ്രനിലെ ഒരു ദിവസം ഭൂമിയിലെ 27.32 ദിവസങ്ങൾക്കു തുല്യമാണ്. ചന്ദ്രനില്ലാത്ത രാത്രികളോ പകലുകളോ നൽകികൊണ്ട് ചന്ദ്രന്റെ ഉദയാസ്തമയങ്ങൾ ഏതു സമയത്തും സംഭവിക്കാം. തലേദിവസത്തേതിൽ നിന്നു ഏകദേശം 50 മിനിട്ടു കഴിഞ്ഞാവും ചന്ദ്രന്റെ ഉദയം.

**ഗുരുത്വബലം**

ചന്ദ്രന് ഭൂമിയുടെ കാൽഭാഗത്തിനേക്കാൾ ലേശം കൂടി വലിപ്പമുണ്ട്. ഭൂഗുരുത്വാകർഷണത്തിന്റെ ആറിലൊന്നാണ് ചന്ദ്രന്റെ ഗുരുത്വാകർഷണശക്തി. വേലിയേറ്റ വേലിയിറക്കങ്ങളാണ് ചന്ദ്രന്റെ ഗുരുത്വ സ്വാധീനത്തിൽ വച്ച് ഏറ്റവും ശ്രദ്ധാർഹം.

ചന്ദ്രന്റെ ഗുരുത്വാകർഷണബലത്തിന് സമുദ്രത്തിന്റെ വേലിയേറ്റ ചക്രങ്ങളിൽ മാത്രമല്ല കരയിലെ വേലിയേറ്റങ്ങളിലും സ്വാധീനതയുണ്ട്. ഓരോ ദിവസവും ചന്ദ്രനുദിക്കുമ്പോൾ ഭൂമിയുടെ ഉപരിതലം 20 സെ. മീ. ചന്ദ്രനിലേയ്ക്ക് ഉയരുന്നുണ്ട്. ചന്ദ്രൻ ചക്രവാളത്തിൽ താണുപോകുമ്പോൾ ഭൂമിയുടെ ഉപരിതലം




സ്ത്രീകളുടെ ആർത്തവസംബന്ധമായ ചാന്ദ്ര ചക്രത്തിന്റെ ചാർട്ട്

പൂർവ്വസ്ഥിതി പ്രാപിക്കുന്നു. ഭൂചലനങ്ങൾക്കും അഗ്നിപർവ്വത പ്രവർത്തനങ്ങൾക്കും വഴിയൊരുക്കുന്ന ഭൂഗർഭ വേലിയേറ്റങ്ങൾക്കും ഭൂമിയുടെ അന്തരീക്ഷത്തിന്റെ ഉയരത്തെ സ്വാധീനിക്കുന്ന വായു വേലിയേറ്റങ്ങൾക്കും അടിസ്ഥാനം ചന്ദ്രൻ തന്നെയാണ്.

**ചന്ദ്രനും ആരോഗ്യവും**

ചന്ദ്രന്റെ ചാക്രിക ചലനം ആസ്ത്മ, എക്സിമ തുടങ്ങിയ ചില രോഗങ്ങളെ സ്വാധീനിക്കുന്നുണ്ട്. വാവിന്റെ എട്ടാം ദിവസവും അമാവാസിയും ഉറക്കത്തിന്റെ അടരുകളുടെ ക്രമം തെറ്റിക്കാൻ കാരണമാകുന്നു. നട്ടെല്ലിലെ ദ്രവമായ സെറിബ്രോ സ്പൈനൽ ഫ്ളൂയിഡിന്റെ സമ്മർദ്ദ വിതാനത്തിലും ചന്ദ്രന്റെ ഗുരുത്വാകർഷണം കാരണമായി വേലിയേറ്റ വേലിയിറക്ക സമാനമായ വ്യതിയാനങ്ങൾ വരുന്നുണ്ട്.

മനുഷ്യരുടേയും മൃഗങ്ങളുടേയും പ്രജനനഘടകങ്ങളെ, പ്രത്യേകിച്ച് ആർത്തവ ചക്രങ്ങളെ ചന്ദ്രൻ സ്വാധീനിക്കുന്നുണ്ട്. ശിരോഭാഗത്തെ പീനൽ ഗ്രന്ഥിയും പിട്യൂട്ടറി ഗ്രന്ഥിയും സൂക്ഷ്മമായ എസ്സൻസുകളും, ഹോർമോണുകളും സ്രവിപ്പിക്കുന്നു. സ്ത്രീകളിൽ പീനൽഗ്രന്ഥി പ്രകാശത്താൽ സജീവമാകുകയും ചന്ദ്രന്റെ മാതിരി ചാക്രികഗതി അനുവർത്തിക്കുകയും ചെയ്യുന്നുണ്ടെന്ന് ഇന്ത്യൻ വൈദ്യശാസ്ത്രം ഉദ്ബോധിപ്പിക്കുന്നു. ശിരസ്സിലെ ഗ്രന്ഥികളിൽ നിന്നുള്ള സൂചകങ്ങൾ ശരീരത്തിന്റെ സകല ഭാഗങ്ങളിൽ എത്തുകയും ശരീരാവയവങ്ങൾ, മനോനില, ഊഷ്മാവ് തുടങ്ങി ലോലവും ആന്തരികവുമായ നിരവധി പ്രക്രിയകളെ നിയന്ത്രിക്കുകയും ചെയ്യുന്നു.

**ചന്ദ്രനും കൃഷിയും**

ഏഴു ദിവസങ്ങൾ നീണ്ടു നിൽക്കുന്ന നാലു ഘട്ടങ്ങൾ ചന്ദ്രനുണ്ട്. അമാവാസിയ്ക്കും പൗർണ്ണമിക്കുമിടയിൽ വെളുപ്പു വർദ്ധിച്ചു വരുന്ന വേളയിലാണ് ആദ്യത്തെ രണ്ടു ഘട്ടങ്ങൾ പൗർണ്ണമിക്കു ശേഷം വെളുപ്പു കുറഞ്ഞു കണ്ടുവരുന്നതാണ് മൂന്നും നാലും ഘട്ടങ്ങൾ.

ചന്ദ്രഗതിക്കനുസരിച്ച് കൃഷിയിറക്കുക എന്ന ആശയം കൃഷി തുടങ്ങിയ കാലം തൊട്ടേ ഉള്ളതാണ്. ഇതിനെ പാരമ്പര്യ ശാസ്ത്രമായും അന്ധവിശ്വാസമായും പരിഗണിക്കുന്നുവെങ്കിലും ഇപ്പോൾ നവീനശാസ്ത്രവും ഇതിനെ പിന്തുണയ്ക്കുന്നുണ്ട്. സൂര്യ ചന്ദ്രന്മാരുടെ സ്വാധീനതയിലുള്ള വലിയൊരു ഗുരുത്വമണ്ഡലത്തിലാണ് ഭൂമി നിലകൊള്ളുന്നത്. സൂര്യചന്ദ്രൻമാരും ഭൂമിയും ഒരേ രേഖയിൽ വരുന്ന പൗർണ്ണമി

യിലും അമാവാസിയിലും കയറ്റിറക്കങ്ങൾ ഏറ്റവും ഉയർന്ന തോതിലായിരിക്കും ചന്ദ്രൻ സമുദ്രത്തിലെ ഒഴുക്കുകളെ വലിക്കുന്നതുപോലെ ജലത്തിന്റെ സൂക്ഷ്മ കണികകളെ വലിക്കുന്നത്, വളർച്ചയ്ക്ക് സഹായകമായ ഈർപ്പം ഭൂമിയിൽ ഉയരാൻ വഴിയൊരുക്കുന്നു. ഈ സമയത്താണ് മണ്ണിൽ ഏറ്റവും കൂടുതൽ ഈർപ്പമുണ്ടാകുന്നത്, ഇത് വളർച്ചയെ ത്വരിതപ്പെടുത്തും. പൗർണ്ണമിയിലാണ് വിത്തുകൾ ഏറ്റവും കൂടുതൽ ജലം വലിച്ചെടുക്കുന്നതെന്ന് പരീക്ഷണങ്ങൾ തെളിയിച്ചിട്ടുണ്ട്.

അമാവാസിയിൽ ചന്ദ്രന്റെ ഗുരുത്വം ജലത്തെ മേലേയ്ക്ക് വലിക്കുകയും വിത്തുകൾ വീർത്ത് പൊട്ടിവിടരാൻ കാരണമാകുകയും ചെയ്യുന്നു. ഇതും ചന്ദ്രപ്രകാശത്തിന്റെ വർദ്ധനയും കൂടിച്ചേരുമ്പോൾ സസ്യത്തിന്റെ വേരിന്റേയും ഇലയുടേയും വളർച്ച ഒരേയളവിലാകുന്നു. ഫലത്തിനു പുറത്തായി വിത്തുകൾ ഉൽപാദിപ്പിക്കുന്ന വാർഷിക വിളകൾ നടാൻ അത്യുത്തമമായ സമയം ഇതാണ്. ചീര വർഗ്ഗങ്ങൾ, ജീരകവർഗ്ഗങ്ങൾ, ക്യാബേജ്, കോളിഫ്ളവർ, ധാന്യവിളകൾ എന്നിവ ഉദാഹരണങ്ങൾ. മേൽപ്പറഞ്ഞ നിയമത്തിന് ഒരപവാദമാണെങ്കിലും വെള്ളരിച്ചെടികൾക്കീകാലം പ്രിയപ്പെട്ടതാണ്.

രണ്ടാമത്തെ ഘട്ടത്തിൽ, ഗുരുത്വാകർഷണ ശക്തി കുറഞ്ഞും ചന്ദ്രന്റെ പ്രകാശം കൂടിയുമിരിക്കുന്നു. തന്മൂലം ഇലകൾ പുഷ്ടിപ്പെടുന്നു. ഈ സമയം പ്രത്യേകിച്ച് പൗർണ്ണമിക്ക് രണ്ടു ദിവസം മുമ്പുള്ള കാലം നടീലിനു പറ്റിയതാണ്. മണ്ണിനു മേലെ ഫലം തരുന്നതെങ്കിലും വിത്തു ഫലത്തിനുള്ളിലായിരിക്കുന്ന വാർഷിക വിളകളാണ് ഈ സമയത്ത് പറ്റിയത്, പയറുവർഗ്ഗങ്ങൾ, പട്ടാണിപ്പയർ, കുരുമുളക്, ചുരയ്ക്ക, തക്കാളി എന്നിവ ഉദാഹരണങ്ങൾ.

പൗർണ്ണമിക്കുശേഷം ചന്ദ്രൻ ക്ഷയിക്കുകയും ഊർജ്ജവിതാനം താഴുകയും ചെയ്യുന്നു. അപ്പോൾ ഗുരുത്വബലം ഉയരുകയും, തൽഫലമായി മണ്ണിന് കൂടുതൽ ഈർപ്പമുണ്ടാകുകയും ചെയ്യുന്നു. അതേസമയം സസ്യങ്ങളുടെ വേരുകളിൽ ഊർജ്ജം നിക്ഷേപിച്ചുകൊണ്ട് ചന്ദ്രപ്രകാശം കുറയുന്നു. ബീറ്റ്റൂട്ട്, കാരറ്റ്, ഉള്ളി, നിലക്കടല തുടങ്ങിയ കിഴങ്ങുവിളകൾക്കു ഉചിതമായ കാലമാണ്. സാർവ്വകാലിക വിളകൾക്കും അർദ്ധവാർഷിക വിളകൾക്കും കിഴങ്ങുവർഗ്ഗങ്ങൾക്കും പറിച്ചുനടീലിനു പറ്റിയ കാലമാണിത്. കാരണം അപ്പോൾ വേര് തഴച്ചുവളരുന്നുണ്ടാവും. വെട്ടിയൊതുക്കൽ മൂന്നാം ഘട്ടത്തിൽ നടത്തുന്നതാണ് നന്ന്.

ഗുരുത്വത്തിന്റെ വലിവും ചന്ദ്രപ്രകാശവും കുറഞ്ഞിരിക്കുന്ന നാലാം ഘട്ടം വിശ്രമകാലമായി കരുതപ്പെടുന്നു. കൃഷിയിറക്കുക, വിളവെടുക്കുക, പറിച്ചുനടുക, വെട്ടിയൊതുക്കുക തുടങ്ങിയ പ്രവൃത്തികൾക്കു ഏറ്റവും ഉചിതവുമായ കാലഘട്ടമാണിത്.

*(തുടരും)*

---

*(28-ാം പേജിൽനിന്ന് തുടർച്ച)*

ചീഫ് ജസ്റ്റിസ് ആ ഹൈക്കോടതിയിലെ ഒരു ജഡ്ജിയുടെ ബന്ധുവും വക്കീലായി ഹാജരാകരുതെന്ന് ഉത്തരവ് ഇട്ടു. (വളരെ സാധുതയുള്ള ഇത്തരം കാഴ്ചപ്പാടുകളുള്ള ജഡ്ജിമാർ വിരളമായിട്ടാണെങ്കിലും ഇല്ലാതില്ല എന്ന വസ്തുത ആശക്ക് വക നൽകുന്നു. എന്നാൽ ആ ഉത്തരവ് നടപ്പാക്കാൻ കഴിയുന്നതിന് മുൻപ് തന്നെ ആ ചീഫ് ജസ്റ്റിസിനെ സ്ഥലം മാറ്റി സുപ്രീം കോടതിയുടെ കൊളേജിയം അവരുടേതായ സന്ദേശവും നൽകി എന്നത് വേറൊരു ദുഃഖസത്യമായി നിലകൊള്ളുന്നു.) വിവരാവകാശ നിയമത്തെക്കുറിച്ചെഴുതുമ്പോൾ ഈ ഉദാഹരണത്തിനെന്താണ് പ്രസക്തി എന്ന് ചോദിക്കുന്നവരുണ്ടാവും. എന്നാൽ കീരിയും പാമ്പും പോലെ കഴിയുന്ന സർക്കാർ ഓഫീസുകളിലെ ഉദ്യോഗസ്ഥന്മാരും ജീവനക്കാരും പൊതുജനത്തെ പൊതുശത്രുവായിക്കണ്ട് അവർക്കെതിരെ ഒന്നിച്ചു പ്രവർത്തിക്കുന്നത് കണ്ട് തഴമ്പിച്ച മലയാളികളോട് അത്തരം ഉദ്യോഗസ്ഥന്മാർക്കും ജീവനക്കാർക്കും സ്വീകാര്യമല്ലാത്ത തീരുമാനങ്ങൾ എടുക്കാൻ നിർബ്ബന്ധിതമാകുന്ന ഒരു തസ്തികയിലേക്ക് അവരിൽ ഒരാളെതന്നെ നിയമിച്ചാൽ എന്താകും അവസ്ഥ എന്ന് പൊടിപ്പും തൊങ്ങലും വെച്ച് പറയേണ്ട ആവശ്യമുണ്ടോ? എന്തായാലും വിവരാവകാശ നിയമത്തിന്റെ ഇന്നത്തെ ദുരവസ്ഥക്ക് കാരണം അതിന്റെ നടത്തിപ്പിന്റെ മുഖ്യ കണ്ണിയായ കമ്മീഷണർമാരെ തിരഞ്ഞെടുത്തതിൽ വന്ന കെടുകാര്യസ്ഥതയാണെന്ന് പറയാതെ നിർവാഹമില്ല.

ഇത്രയും പിടിപ്പുകെട്ട കമ്മീഷണർമാർ തൽസ്ഥാനത്ത് തുടരേണ്ടതുണ്ടോ എന്ന് തീരുമാനിക്കേണ്ടത് അവരെ ആ സ്ഥാനത്തുനിന്ന് നീക്കം ചെയ്യാൻ അധികാരമുള്ള ഗവർണർ ആണ്. അത്തരമൊരു തീരുമാനമെടുക്കണമെന്നപേക്ഷിച്ചുകൊണ്ട്, രണ്ട് പരാതികൾ 2007 ആഗസ്റ്റ് 7 ന് തലശ്ശേരിയിൽ നിന്നും റിട്ടയേർഡ് ചെയ്ത കേണൽ കുറുപ്പും, ഞാനും അയച്ചിരുന്നു. അനന്തര നടപടികൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

നമ്മുടെ മുഖ്യവിവരാവകാശ കമ്മീഷണർ ഈയിടെ പ്രസ്താവിക്കുകയുണ്ടായി വിവരാവകാശ നിയമത്തിന്റെ പേരിൽ ചിലർ ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്താൻ തുടങ്ങിയിട്ടുണ്ടെന്ന്. വിവരാവകാശ നിയമം ഒരിക്കലെങ്കിലും വായിച്ചിട്ടുള്ള ആർക്കും മനസ്സിലാകും അത്തരം ഭീഷണിക്ക് യാതൊരു സാദ്ധ്യതയുമില്ലെന്ന്. അപ്പോൾ പിന്നെ കമ്മീഷണർ എന്തുകൊണ്ടങ്ങിനെ പറഞ്ഞു? വെറും വിവരദോഷമോ? അതോ ദുരുദ്ദേശവും കൂടിയുണ്ടോ? എന്തായാലും സ്വന്തം കഴിവുകേടുകളെ മറയ്ക്കാൻ സർക്കാരിനെ കുറ്റപ്പെടുത്താൻ മാത്രം ശീലിച്ച കമ്മീഷണർ ആ തന്ത്രം പാളുന്നതുകാണുമ്പോൾ പുതിയ അടവുകൾ ഇറക്കുകയാണോ? കാത്തിരുന്ന് കാണാം.

*'ആതിര', കൽപ്പാത്തി, പാലക്കാട്-3*